KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.176/PR/PIC/PHQ/18 Date : 17.07.2018

---

## ട്രാഫിക് ഉദ്യോഗസ്ഥർക്ക് റെയിൻകോട്ടുകൾ നൽകി സൗത്ത് ഇന്ത്യൻ ബാങ്ക്

കേരള പോലീസിലെ ട്രാഫിക് ഉദ്യോഗസ്ഥർക്കായി റെയിൻകോട്ടുകൾ സംഭാവന നൽകി സൗത്ത് ഇന്ത്യൻ ബാങ്ക്. തിരുവനന്തപുരം ജില്ലയിലെ ട്രാഫിക് ഉദ്യോഗസ്ഥർക്കായി 125 റെയിൻകോട്ടുകളാണ് ആദ്യഘട്ടത്തിൽ നൽകിയത്. പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ റെയിൻകോട്ടുകൾ വിതരണം ചെയ്തു. എ ഡി ജി പി ഷേക് ദർവേഷ് സാഹിബ്, ഐ ജി പി.വിജയൻ, കമ്മീഷണർ പി.പ്രകാശ്, ഡി ഐ ജി കെ..സേതുരാമൻ, തിരുവനന്തപുരം റൂറൽ എസ് പി അശോക് കുമാർ പി, സൗത്ത് ഇന്ത്യൻ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജരായ സിബി പി എം, ജോളി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് ജനറൽ മാനേജർ രഞ്ജിത് ആർ നായർ, സീനിയർ മാനേജർ രാധിക ആർ ബി എന്നിവർ പങ്കെടുത്തു. എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലും തുടർന്ന് റെയിൻകോട്ടുകൾ വിതരണം ചെയ്യുമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് അധികൃതർ അറിയിച്ചു.

**ഫോട്ടോ ക്യാപ്ഷൻ :** തിരുവനന്തപുരം ജില്ലയിലെ ട്രാഫിക് ഉദ്യോഗസ്ഥർക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് നൽകിയ റെയിൻകോട്ടുകൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ വിതരണം ചെയ്തപ്പോൾ.

*******************